# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 942 — 30.10.2019-ൽ മറുപടിയ്ക്ക്.

## ക്ഷീര കർഷകരെ രക്ഷിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) റീജണൽ കോംപ്രഹൻസീവ് ഇക്കണോമിക് പാർട്ണർഷിപ് (ആർ.സി.ഇ.പി) കരാർ സൃഷ്ടിക്കുന്ന പ്രതിസന്ധിയിൽ നിന്ന് നമ്മുടെ സംസ്ഥാനത്തെ ക്ഷീര കർഷകരെ രക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (എ) സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കും. |
| (ബി) ഇത് സംബന്ധിച്ച ശിപാർശകൾ കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (ബി) ആർ.സി.ഇ.പി കരാർ നടപ്പിലാക്കുകയാണെങ്കിൽ ക്ഷീര മേഖലയിലുണ്ടാകാൻ സാധ്യതയുള്ള പ്രത്യാഘാതങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.<br>വിഷയം ബഹു.പ്രധാനമന്ത്രി, ബഹു.കേന്ദ്രവാണിജ്യ മന്ത്രി, ബഹു.കേന്ദ്ര മൃഗസംരക്ഷണ വകുപ്പ് മന്ത്രി എന്നിവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി കത്ത് അയച്ചിട്ടുണ്ട്. |
| (സി) ക്ഷീര കർഷകർക്കായി പുതുതായി നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്നും ഇതുമായി ബന്ധപ്പെട്ട് മങ്കട നിയോജകമണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ? | (സി) മങ്കട നിയോജക മണ്ഡലത്തിൽ 2019-20 വർഷം നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു.<br>1. മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതി<br>2. തീറ്റപ്പുൽ കൃഷി വികസന പദ്ധതി<br>3. കാലിത്തീറ്റ വിതരണ പദ്ധതി<br>4. ക്ഷീര സംഘങ്ങൾക്കുള്ള ധനസഹായം<br>5. പ്രളയാനന്തര ദുരിതാശ്വാസ പദ്ധതികൾ<br>6. കർഷക സമ്പർക്ക പരിപാടി<br>മേൽപറഞ്ഞിട്ടുള്ള പദ്ധതികളെല്ലാം ക്ഷീരകർഷകർക്കായി നടപ്പിലാക്കി വരുന്ന പദ്ധതികളാണ്.<br>2019-20 വർഷത്തിൽ മങ്കട നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഇനം തിരിച്ച് ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ഇനവിവരം | എണ്ണം |
|---|---|---|
| 1. | ഗോദാനം – 1 പശു യൂണിറ്റ് | 5 |
| 2. | 2 പശു യൂണിറ്റ് | 7 |
| 3. | കറവയന്ത്രം | 1 |
| 4. | തൊഴുത്ത് നിർമ്മാണം | 2 |
| 5. | അവശ്യാധിഷ്ഠിത ധനസഹായം | 4 |
| 6. | തീറ്റപ്പുൽ കൃഷി | 8 ഹെക്ടർ |
| 7. | അസോള കിറ്റ് | 15 യൂണിറ്റ് |
| 8. | യന്ത്രവൽക്കരണം – ഫോഡർ | 1 യൂണിറ്റ് |
| 9. | ക്ഷീര സംഘങ്ങൾക്കുള്ള ധനസഹായം | 1 |
| 10. | മിനറൽ മിക്സ്ച്ചർ സപ്ലിമെന്റ് | 200 കിലോ |
| 11. | ക്ഷീര സംഘങ്ങൾ മുഖേനയുള്ള പച്ചപ്പുൽ - വൈക്കോൽ വിതരണം | 1 യൂണിറ്റ് |
| 12. | കർഷക സമ്പർക്ക പരിപാടി | 10 |

കൂടാതെ കാലിത്തീറ്റ സബ്സിഡിയും നൽകി വരുന്നു.

**സെക്ഷൻ ഓഫീസർ**